"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പൊതുവിദ്യാഭ്യാസ വകുപ്പ്- മലപ്പുറം ജില്ലയിലെ കാട്ടിപ്പരുത്തി ജിഎൽപിഎസിലെ ഫുൾടൈം ലാംഗ്വേജ് ടീച്ചറായ(അറബിക്) ശ്രീ. അരുൺ പി. പി. യ്ക്ക് ശൂന്യവേതന അവധി അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ(എസ്.സി) വകുപ്പ്

സ.ഉ.(സാധാ) നം.873/2022/GEDN തീയതി,തിരുവനന്തപുരം, 16-02-2022

പരാമർശം:-

1 22.04.2021 ലെ ജെ1/289/2019/പൊ.വി.വ നമ്പർ സർക്കുലർ

2. ശ്രീ. അരുൺ പി. പി.യുടെ ശൂന്യവേതന അവധി അപേക്ഷ

3. 07/12/2021 ലെ മലപ്പുറം വിദ്യാഭ്യാസ ഉപ ഡയറക്ടറുടെ എ3/36693/2021 നമ്പർ കത്ത്

ഉത്തരവ്

മലപ്പുറം ജില്ലയിലെ കാട്ടിപ്പരത്തി ജിഎൽപിഎസ് സ്കൂളിലെ ഫുൾ ടൈം അറബിക് ലാംഗ്വേജ് ടീച്ചറായി ജോലിയിൽ പ്രവേശിച്ച ശ്രീ.അരുൺ പി.പി യ്ക്ക് പഠനാവശ്യാർത്ഥം 17/11/2021 മുതൽ 31/3/2021 വരെ ശൂന്യവേതനാവധി നല്കണമെന്ന പരാമർശം 2 ലെ അപേക്ഷ പരാമർശം 3 പ്രകാരം മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ ശിപാർശ ചെയ്തിട്ടുണ്ട്.

2. സർക്കാർ ഈ വിഷയം വിശദമായി പരിശോധിച്ചു. മലപ്പുറം ജില്ലയിലെ കാട്ടിപ്പരത്തി ജിഎൽപിഎസ് സ്കൂളിലെ ഫുൾ ടൈം അറബിക് ലാംഗ്വേജ് ടീച്ചറായ ശ്രീ. അരുൺ പി. പി. യ്ക്ക് 17/11/2021 മുതൽ 31/03/2023 വരെ, ടി കാലയളവ് ഇൻക്രിമെന്റ്, ഹയർ ഗ്രേഡ്, പെൻഷൻ, ആർജ്ജിതാവധി തുടങ്ങിയ സേവനാനുകൂല്യങ്ങൾക്ക് പരിഗണിക്കുകയില്ലായെന്ന വ്യവസ്ഥയിലും പരാമർശം 1 പ്രകാരം അക്കാഡമിക്ക് വർഷത്തിന്റെ അവസാനം ജോലിയിൽ തിരികെ പ്രവേശിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുള്ളതിനാൽ 2023-24 അക്കാഡമിക്ക് വർഷത്തിന്റെ ആരംഭത്തിൽ മാത്രമേ ടിയാളെ തിരികെ പ്രവേശിപ്പിക്കാവൂ എന്നും അവധിയ്ക്ക് ശേഷമുള്ള കാലയളവ് ക്രമീകരിക്കുന്നതിനായി പ്രത്യേക അപേക്ഷ സമർപ്പിക്കേണ്ടതാണ് എന്നുമുള്ള വ്യവസ്ഥയിൽ കെ.എസ്.ആർ ഭാഗം I ചട്ടം 88 പ്രകാരം ശൂന്യവേതന അവധി അനുവദിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

3. മേൽ വിവരങ്ങൾ ടിയാന്റെ സേവന പുസ്തകത്തിൽ രേഖപ്പെടുത്തേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ജ്യോതിലക്ഷ്മി എൽ
അണ്ടർ സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

വിദ്യാഭ്യാസ ഉപ ഡയറക്ടർ, മലപ്പുറം.

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കുറ്റിപ്പുറം

ശ്രീ. അരുൺ.പി.പി., ഫുൾടൈം ലാംഗ്വേജ് ടീച്ചർ അറബി എൽ.പി, ജി.എൽ.പി.സ്കൂൾ, കാട്ടിപ്പരത്തി

ഹെഡ്മാസ്റ്റർ, ജി.എൽ.പി.സ്കൂൾ, കാട്ടിപ്പരത്തി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്),കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by Mini.t.r.
Date: 16-02-2022 10:23:10
സെക്ഷൻ ഓഫീസർ